ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033
ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം.2899/എം.എ.ഇ 3/2023/നി.സെ

തിരുവനന്തപുരം,
10.01.2024

## ലേലപരസ്യം

നിയമസഭാ സമുച്ചയം സെല്ലാറിൽ സൂക്ഷിച്ചിട്ടുള്ളതും ഉപയോഗശൂന്യമായതുമായ താഴെ പറയുന്ന ഫർണിച്ചറുകൾ 19.01.2024-ന് രാവിലെ 11 മണിയ്ക്ക് നിയമസഭാ സമുച്ചയം സെല്ലാറിൽ വച്ച് ലേലം ചെയ്ത് വിൽക്കുന്നു.

| ക്രമനം | ഇനം | എണ്ണം |
|---|---|---|
| 1. | കസേര | 122 |
| 2. | ഈസി ചെയർ | 03 |
| 3. | കുഷൻ സെറ്റി | 13 |
| 4. | കമ്പ്യൂട്ടർ ചെയർ | 07 |
| 5. | സ്റ്റീൽ ചെയർ | 13 |
| 6. | സ്റ്റൂൾ | 08 |
| 7. | തടി അലമാര | 02 |
| 8. | ടി.വി സ്റ്റാൻഡ് | 02 |
| 9. | സ്റ്റീൽ മേശ | 05 |
| 10. | കമ്പ്യൂട്ടർ ടേബിൾ | 05 |
| 11. | കട്ടിൽ | 26 |
| 12. | അലുമിനിയം ഷെൽഫ് | 01 |
| 13. | സ്റ്റീൽ അലമാര | 02 |
| 14. | ഡൈനിംഗ് കസേര | 08 |

....

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേദിവസം രാവിലെ 10.30-ന് നിരതദ്രവ്യമായ ₹1600/- (ആയിരത്തി അറുന്നൂറ് രൂപ മാത്രം) എം.എ.'ഇ' വിഭാഗത്തിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് . ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്നയാളുടെ പേരിൽ, തുക ന്യായമാണെന്ന് കാണുന്ന പക്ഷം ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്.ലേലം നഷ്ടപ്പെട്ടവർക്ക് ലേലം കഴിഞ്ഞാലുടൻ തന്നെ നിരതദ്രവ്യം മടക്കി നൽകുന്നതാണ്.

ലേലം കഴിഞ്ഞാലുടൻ ലേല സംഖ്യയുടെ പകുതി തുക, നിരതദ്രവ്യം കഴിച്ച് ലേലം കൊണ്ടയാൾ അടയ്ക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം 18% GST ഉൾപ്പെടെ ബാക്കി തുക കൂടി അടച്ച് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ടി ലേല വസ്തുക്കൾ കൊണ്ടുപോകേണ്ടതാണ്.

ഏതെങ്കിലും കാരണത്താൽ ലേലം സ്ഥിരപ്പെടുത്തിക്കിട്ടുമ്പോൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിൽ മുതൽക്കൂട്ടുന്നതും ടി വസ്തുക്കൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി അല്ലാത്തതുമാണ്.മേൽ പരാമർശിച്ച വസ്തുക്കൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് അസിസ്റ്റന്റ് മാനേജരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാവുന്നതാണ്.

എന്തെങ്കിലും കാരണവശാൽ ലേലം റദ്ദ് ചെയ്യുകയോ ലേല നടപടിക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്വീകരിച്ച ലേലം സ്ഥിരീകരിച്ചില്ലെങ്കിലോ ലേലത്തിൽ പങ്കെടുത്തവർ നിക്ഷേപിച്ച തുക പലിശയോ നഷ്ടപരിഹാരമോ കൂടാതെ മടക്കി നൽകുന്നതായിരിക്കും.

എന്തെങ്കിലും കാരണവശാൽ ലേലം നടക്കുന്ന ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ലേല നടപടികൾ നടത്തുന്നതാണ്. ലേലം മുന്നറിയിപ്പില്ലാതെ മാറ്റി വയ്ക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ നിയമസഭാ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം നിയമസഭാ സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും.

സുനിൽകുമാർ.എസ്
ജോയിന്റ് സെക്രട്ടറി &എസ്റ്റേറ്റ് ഓഫീസർ ,
നിയമസഭാ ഹോസ്റ്റൽ,
സെക്രട്ടറിക്കുവേണ്ടി.